
# വടക്കേക്കര
# പി എൻ എൻ എം
# എൽ പി സ്കൂൾ
# തൃക്കോതമംഗലം




## <u>അക്കാദമിക</u>
## <u>മാസ്റ്റർ പ്ലാൻ</u>
**<u>2026-27</u>**

# <u>അടിസ്ഥാന വിവരങ്ങൾ</u>

പേര്: വടക്കേക്കര പി എൻ എൻ എം എൽ പി എസ് തൃക്കോതമംഗലം

വിലാസം: തൃക്കോതമംഗലം പി ഒ ,686011

സ്കൂൾ കോഡ്: 33369, 32100100908

വിദ്യാഭ്യാസ ഉപജില്ല: ചങ്ങനാശ്ശേരി

വിദ്യാഭ്യാസജില്ല: കോട്ടയം

റവന്യൂ ജില്ല:  കോട്ടയം

ബി ആർ സി: ചങ്ങനാശ്ശേരി

സി ആർ സി: വാകത്താനം

ഗ്രാമപഞ്ചായത്ത്: വാകത്താനം

ബ്ലോക്ക് പഞ്ചായത്ത്: മാടപ്പള്ളി

ജില്ലാപഞ്ചായത്ത്: കോട്ടയം

നിയമസഭാ മണ്ഡലം: പുതുപ്പള്ളി

ലോകസഭാ മണ്ഡലം: കോട്ടയം

താലൂക്ക്: ചങ്ങനാശ്ശേരി

വില്ലേജ്: വാകത്താനം

e-mail: tpnnmlps@yahoo.com

FB: vadakkekkarapnnmlps pnnmlps

# ആമുഖം

ഗൗതമ മുനിയുടെ തപസ്സുകൊണ്ട് പുണ്യമായ നാടാണ് തൃക്കോതമംഗലം. തൃഗൗതമംഗലം ലോപിച്ചാണ് തൃക്കോതമംഗലം ആയത്. ഉണ്ണുനീലിസന്ദേശ വാഹകൻ കടന്നുപോയ ഈ ഗ്രാമത്തിലെ തിലകക്കുറിയായി കഴിഞ്ഞ 132 വർഷമായി പല പ്രതിസന്ധികളെയും തരണം ചെയ്ത് വടക്കേക്കര വടക്കേക്കര പി എൻ എൻ എം എൽ പി സ്കൂൾ എന്ന സരസ്വതി ക്ഷേത്രം നിലകൊള്ളുന്നു.

# വിദ്യാലയ ചരിത്രം

വാകത്താനം പഞ്ചായത്തിൽ ഒന്നാം വാർഡിൽ 1894 ൽ വടക്കേക്കര പി എൻ നാരായണപിള്ള ഈ വിദ്യാലയം സ്ഥാപിച്ചു.ഇദ്ദേഹം തന്നെയായിരുന്നു ആദ്യ അധ്യാപകൻ .ഒരു ആശാൻ കളരിയായാണ് തുടങ്ങിയത്. ആദ്യം രണ്ട് ക്ലാസുകൾ ഉണ്ടായിരുന്നു,അതിനുശേഷം നാലാംക്ലാസ് വരെയായി. 1993 ൽ പ്രീ പ്രൈമറിയും പ്രവർത്തനമാരംഭിച്ചു. പ്രീ പ്രൈമറി വിഭാഗത്തിൽ 40 ഉം പ്രൈമറി വിഭാഗത്തിൽ 71 ഉം, ആകെ 111 കുട്ടികൾ ഇവിടെ പഠനം നടത്തി വരുന്നു. വളരെ പരിമിതമായ ഭൗതിക സാഹചര്യമാണെങ്കിൽ കൂടിയും പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായ ഒരു വിദ്യാലയം ആണിത്.

കാരുണ്യാധിഷ്ഠിതമായ പ്രവർത്തന വീഥിയിലൂടെ സമുദായത്തിനും പിന്നെ നാടിനും മറക്കാനാവാത്ത സംഭാവനകൾ സമർപ്പിച്ച ധന്യാത്മാക്കളായ യുഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തയും യാക്കൂബ് മാർത്തിയോസ് മെത്രാപ്പോലീത്തയും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ തിളങ്ങിനിന്ന ആത്മീയ ആചാര്യന്മാരാണ്.

മാനേജ്മെന്റ്, പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണവും ഒരു കൂട്ടം അധ്യാപകരുടെ പ്രവർത്തനശൈലിയിലെ മികവും ഒപ്പമുള്ളതിനാൽ ലൈബ്രറി കൗൺസിൽ കലാമേള, വിവിധ മേളകൾ, വിവിധ സ്കോളർഷിപ്പുകൾ, മുൻകാലങ്ങളിൽ മികച്ച സ്കൂൾ, മികച്ച പിടിഎ ,എന്നീ അംഗീകാരങ്ങൾ ലഭിക്കുകയുണ്ടായി. കൂടാതെ 2024-25 2025-26 എന്നീ വർഷങ്ങളിലെ സബ്ജില്ലാ കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ എയ്ഡഡ് എൽ പി സ്കൂൾ ആകുവാനും ഏറ്റവും കൂടുതൽ പോയിന്റ് നേടി ഓവറോൾ ട്രോഫി നേടിയെടുക്കുവാനും സ്കൂളിന് സാധിച്ചു.

മണർകാട്-തെങ്ങണാ റോഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ 3 സ്ഥിരം അധ്യാപകരും പ്രീപ്രൈമറി, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നിവയ്ക്കായി 5 താൽക്കാലിക അധ്യാപകരും ഒരു ആയയും ഒരു പാചക തൊഴിലാളിയും സേവനമനുഷ്ഠിച്ചു വരുന്നു. ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ ധാരാളം വിദ്യാർത്ഥികൾ സമൂഹത്തിന്റെ ഉന്നത നിലകളിൽ സേവനമനുഷ്ഠിച്ചു വരുന്നു.

# അവസ്ഥാ വിശകലനം

## പ്രവേശന പ്രവണത

| NO | YEAR | Total Strength |
|---|---|---|
| 1 | 2012-13 | 104 |
| 2 | 2013-14 | 106 |
| 3 | 2014-15 | 99 |
| 4 | 2015-16 | 89 |
| 5 | 2016-17 | 81 |
| 6 | 2017-18 | 80 |
| 7 | 2018-19 | 86 |
| 8 | 2019-20 | 89 |
| 9 | 2020-21 | 86 |
| 10 | 2021-22 | 79 |
| 11 | 2022-23 | 70 |
| 12 | 2023-24 | 72 |
| 13 | 2024-25 | 67 |
| 14 | 2025-26 | 68 |
| 15 | 2026-27 | 71 |

# അക്കാദമിക നേട്ടങ്ങൾ

1. വിവിധ ക്ലബ്ബുകൾ -പ്രവർത്തനങ്ങൾ
2. വിവിധ എൻഡോവ്മെന്റുകൾ
3. അമ്മവായന
4. യോഗാക്ലാസ്
5. അക്ഷരശ്ലോക ക്ലാസ്
6. കലാ-കായിക-പ്രവർത്തി പരിചയ മേളകളിലെ മികവ്
7. വിവിധ സ്കോളർഷിപ്പുകളിലെ മികവ്
8. ഐ ടി മേഖലയിലെ കുട്ടികളുടെ മികവ്
9. ഹാപ്പി ലാൻഡ് മിനി തീയേറ്റർ
10. ഇംഗ്ലീഷ് ഭാഷയിലെ മികവ്
11. CM Kids Scholarship (LSS) ൽ മികച്ച വിജയം

# പരിമിതികൾ

1.പാഠ്യ-പഠ്യേതര വിഷയങ്ങളിൽ വിവിധ ശേഷികളുടെ വികാസം മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിൽ ഉണ്ടാകുന്ന പരിമിതികൾ

2. കുട്ടികളുടെ കുടുംബാന്തരീക്ഷത്തിലെ പാകപ്പിഴകൾ

3. പഠന വൈകല്യമുള്ള കുട്ടികൾ

4. WE, PE, HE, IT കൂടാതെ CWSN കുട്ടികൾക്കായി സ്പെഷ്യൽ ടീച്ചർമാരുടെ അഭാവം

5. അദ്ധ്യാപകരുടെ അമിത ജോലി ഭാരം

6.HM ൻറെ അമിത ജോലിഭാരം

7. ഉച്ചഭക്ഷണ നടത്തിപ്പിലെ പ്രയാസങ്ങൾ

8. ടെക്സ്റ്റ് ബുക്കിലെ പാഠഭാഗങ്ങളുടെ എണ്ണക്കൂടുതൽ

## ഭൗതിക നേട്ടങ്ങൾ

1.MLA ശ്രീ ഉമ്മൻ ചാണ്ടി സാർ അനുവദിച്ച കമ്പ്യൂട്ടർ റൂം

2. ഫെഡറൽ ബാങ്ക് പുതുപ്പള്ളി ശാഖ CSR പ്രൊജക്ടിന്റെ ഭാഗമായി അനുവദിച്ച Washroom & Toilet

3. മിനി തീയേറ്റർ- Happy Land

4. Round Table Kottayam സ്പോൺസർ ചെയ്ത LKG, UKG ക്ലാസ് മുറികൾ

5. വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുവദിക്കപ്പെട്ട കിച്ചൺ കം സ്റ്റോർ

6. കുട്ടികൾക്ക് വാഹന സൗകര്യം

7. കുട്ടികൾക്ക് കളിക്കാനായി വിവിധ കളിയുപകരണങ്ങൾ

## പരിമിതികൾ

1. കളിസ്ഥലത്തിന്റെ പരിമിതി

2. സ്കൂളിന് സ്വന്തമായി വാഹനമില്ല

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ച്ചപ്പാട്

മാനസിക പരിവർത്തനത്തിന് ഉതകുന്ന ശിക്ഷണമാണ് ഇന്നത്തെ കാലഘട്ടത്തിന് അഭികാമ്യം. സദാചാരത്തിലും ധർമ്മനിഷ്ഠയിലും അധിഷ്ഠിതമായ ഒരു സാക്ഷരത നാം നേടേണ്ടിയിരിക്കുന്നു.

മൂല്യബോധമില്ലാത്ത ശിക്ഷണം സമൂഹത്തിന് തന്നെ ഭീഷണിയാണ് വിജ്ഞാനം വേണ്ടവിധം ഉപയോഗിക്കുമ്പോഴാണ് അറിവ് ശക്തിയാകുന്നതും, മനുഷ്യൻ മനുഷ്യനായി മാറുന്നതും.

കുട്ടികളിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്തി അവയെ പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. അവരിലെ ഗണിതശാസ്ത്രജ്ഞനെയും, ചിത്രകാരനെയും, ശാസ്ത്രജ്ഞനെയും, കഥാകാരനെയും, അദ്ധ്യാപകനെയും സർവ്വോപരി അവരിലെ

മനുഷ്യനെയും കണ്ടെത്താൻ വിദ്യാലയത്തിന് കഴിയണം. ഓരോരുത്തർക്കും അനുയോജ്യമായ സാഹചര്യം ഒരുക്കി അവരെ ഉന്നത വ്യക്തിത്വത്തിന് ഉടമയാക്കാൻ കഴിയണം. അപ്പോഴാണ് ഒരു വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുന്നത്.

## വിദ്യാലയം ഒരു പാഠപുസ്തകമാക്കാം

സ്കൂളും സ്കൂൾ പരിസരവും പഠനത്തിന് അനുയോജ്യവും ആകർഷകവും ആകണം. അതിന് വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഭാവനയെ ഉദ്ദീപിപ്പിക്കുന്ന ചിത്രങ്ങൾ, വർണ്ണാഭമായ അക്ഷരങ്ങൾ, ജിജ്ഞാസ ഉണർത്തുന്ന ചിത്രങ്ങൾ എന്നിവ കുട്ടികളിലെ ജിജ്ഞാസ ഉണർത്താൻ പര്യാപ്തമാകും. പാഠപുസ്തകങ്ങളിലെ അറിവിനെ ചാലിച്ച് കുട്ടികൾക്ക് ഉൾക്കൊള്ളാവുന്ന വിധത്തിൽ നൽകുക എന്നതാണ് ഓരോ അദ്ധ്യാപകന്റെയും കടമ.

## പ്രതീക്ഷിത നേട്ടങ്ങൾ: അക്കാദമികം

ഓരോ കുട്ടിയും ഓരോ വ്യക്തിയാണ് എന്ന് തിരിച്ചറിവോടെ ഓരോ അദ്ധ്യാപകനും ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ പാഠപുസ്തകങ്ങളിൽ അറിവിനെ ചാലിച്ച് അവർക്ക് ഉൾക്കൊള്ളാവുന്ന വിധത്തിൽ നൽകാൻ സാധിക്കുക. കുട്ടികളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് അദ്ധ്യാപകർ കർത്തവ്യ നിർവഹണം നടത്തുക. വിവിധങ്ങളായ പഠനപ്രവർത്തനങ്ങളിലൂടെയും പാഠ്യേതര പ്രവർത്തനങ്ങളിലൂടെയും ഓരോ കുട്ടിക്കും അറിവുകൾ ആർജിക്കുവാനുള്ള അവസരം നൽകുകയും അതിലൂടെ വിവിധ മത്സരപരീക്ഷകളിലും മത്സരങ്ങളിലും വിജയം കൈവരിക്കാനും പ്രാപ്തരാക്കുക.

## ഭാഷാശേഷി വികസനം

മുഴുവൻ കുട്ടികളും പ്രായത്തിന് അനുയോജ്യമായ

വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെടുക്കേണ്ടതുണ്ട്. അതിന് അനുയോജ്യമായ അക്കാദമിക അന്തരീക്ഷം സ്കൂളിൽ സൃഷ്ടിച്ചെടുക്കണം. അക്ഷര-പദ-വാക്യ-വായനാകാർഡുകൾ ഉപയോഗപ്പെടുത്തുക. സ്വയം കാർഡ് നിർമിക്കുക, ചിത്രം നോക്കി കഥ, വിവരണം, സംഭാഷണം ഇവയ്ക്കുള്ള ശേഷി നേടിയെടുക്കുക. ആദ്യം വാചികമായും തുടർന്ന് ലേഖനത്തിലൂടെയും ചിഹ്നങ്ങൾ കൃത്യമായി പരിചയപ്പെടുന്നു.ക്ലാസുകളിൽ വായനക്കൂട്ടം, വായനക്കുറിപ്പ്തയ്യാറാക്കൽ, മാഗസിൻ, പതിപ്പുകൾ, പത്രം, കഥയരങ്ങ്, കവിയരങ്ങ്, അക്ഷരശ്ലോക ക്ലാസ് ഇവയിലൂടെ ഭാഷാശേഷി വികസനത്തിൽ എത്തിക്കാം.

# ഇംഗ്ലീഷ് ഭാഷ പഠനം

ICT സഹായത്തോടെ ഇംഗ്ലീഷ് ക്ലാസുകൾ സജീവവും രസകരവും ആക്കി മാറ്റാൻ കഴിയും. അദ്ധ്യാപകരുടെ ക്ലാസ് റൂം പ്രവർത്തനങ്ങൾ അതീവ പ്രാധാന്യം അർഹിക്കുന്നു. കൂടുതൽ പഠനോപകരണങ്ങളുടെ സഹായവും പരിശീലനവും പ്രാപ്തമാക്കേണ്ടതുണ്ട്.

# ഗണിതപഠനം

ഗണിതത്തിന്റെ പ്രാഥമിക തലങ്ങൾ LP ക്ലാസുകളിൽ തന്നെ ഉറപ്പിക്കേണ്ടതാണ്. ഒന്നു മുതൽ പതിനായിരം വരെ സംഖ്യാബോധം, ചതുഷ്ക്രിയകളിൽ നൈപുണ്യം ഇവയാണ് അടിസ്ഥാനമായി നേടേണ്ട ശേഷികൾ. സചേതനവും വസ്തുനിഷ്ഠവുമായ ക്രിയാത്മക പ്രവർത്തനങ്ങൾ ക്ലാസുകളിൽ നടക്കണം .മഞ്ചാടിക്കുരു കുന്നിക്കുരു, ഈർക്കിൽ, മുത്തുകൾ രൂപങ്ങൾ, തുടങ്ങിയവ അതിനു പര്യാപ്തമാണ്. ഐസിടിയുടെ സാധ്യതയോടെ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.

# ശാസ്ത്രപഠനം

ഏറെ ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന മറ്റൊരു വിഷയമാണ് ശാസ്ത്രം. പരീക്ഷണ നിരീക്ഷണങ്ങളിലൂടെയുള്ള ശാസ്ത്ര പഠനം ഏറെ ആസ്വാദ്യമാവും. കാര്യകാരണസഹിതം പഠിക്കുമ്പോൾ കുട്ടികൾ വ്യക്തതയോടെ മനസ്സിലാക്കുകയും പുനരവതരിപ്പിക്കുവാൻ പ്രാപ്തരാവുകയും ചെയ്യുന്നു.

# കല-കായിക -പ്രവൃത്തി പരിചയ പഠനം

കുട്ടികളുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിട്ടുകൊണ്ട് കലാ-കായിക-പ്രവർത്തിപരിചയ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വളർത്തുവാനും വികസിപ്പിക്കുവാനും ഉള്ള അവസരങ്ങൾ നൽകുന്നു. സംഗീതം ചിത്രം തുടങ്ങിയ കലകളിലും സർഗാത്മക രചനയിലും ഉള്ള വാസന കണ്ടെത്തി പ്രോത്സാഹിപ്പിക്കും.കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തും.ജീവിതശൈലി രോഗങ്ങൾ വരാതിരിക്കുവാൻ സ്കൂൾ പ്രായത്തിൽ യോഗ,വ്യായാമം,കളി ഇവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകും.

# പിന്നോക്കക്കാർക്കും പ്രതിഭകൾക്കുമുള്ള പരിശീലന പരിപാടികൾ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രകാരം കുട്ടികളെ കണ്ടെത്തി അവർക്കായി പ്രത്യേക ക്ലാസുകൾ എടുക്കുന്നു- ശ്രദ്ധ,ഹലോ ഇംഗ്ലീഷ്.

പ്രതിഭാ പോഷണത്തിനായി കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള പരമാവധി അവസരങ്ങൾ ഒരുക്കുന്നു. പിയർ ടീച്ചിങ് പ്രോത്സാഹിപ്പിക്കുന്നു.

# കമ്പ്യൂട്ടർ പഠനം

എല്ലാകുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ലഭിക്കുവാൻ ആവശ്യത്തിന് കമ്പ്യൂട്ടർ ലഭ്യത ഉറപ്പുവരുത്തുക.കളിക്കുവാനും പഠിക്കുവാനും മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ എന്ന ലക്ഷ്യം നേടുക.

# നിലവിലെ അവസ്ഥാ വിശകലനം

1894 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ നാല് ക്ലാസ് റൂമുകൾക്കും ഓഫീസ് റൂമിനും പുതിയ ബിൽഡിംഗ് ൻറെ അപര്യാപ്തത നിലനില്ക്കുന്നുവെങ്കിലും.PTA,മാനേജ്മെൻറ്,ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടം അധ്യാപകർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ കാലാനുസൃതമായി നേട്ടങ്ങൾ കൈവരിക്കുന്നതിന് നമ്മുടെ സ്കൂളിന് സാധിക്കുന്നുണ്ട്.ഇനിയും കൂടുതൽ കൂടുതൽ നേട്ടങ്ങൾ കൈവരിച്ച് ഈ വിദ്യാലയം മികവിലേക്കെത്തുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.